നമ്പർ : 1807/എൻപി4/2015 27-04-2017

പ്രസിദ്ധീകരണത്തിന് :

## കേരള സംഗീത നാടക അക്കാദമി
## 2016ലെ ഫെല്ലോഷിപ്പ്, അവാർഡ്, ഗുരുപൂജ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

കേരള സംഗീത നാടക അക്കാദമി സംഗീതം, നൃത്തം, നാടകം, ക്ഷേത്രകലകൾ, കഥകളി, പാരമ്പര്യകലകൾ, നാടോടി ഗോത്രകലകൾ, വാദ്യകലകൾ തുടങ്ങിയ കലാരംഗങ്ങളിലെ നിസ്തുലമായ സംഭാവനകൾ പരിഗണിച്ച് താഴെപ്പറയുന്ന കലാകാരന്മാരെ അക്കാദമി ഏർപ്പെടുത്തിയിട്ടുളള 2016 ലെ പുരസ്കാരങ്ങൾക്ക് തെരഞ്ഞെടുത്തു. പ്രശസ്തി പത്രവും, ഫലകവും, കാഷ് അവാർഡും അടങ്ങുന്നതാണ് പുരസ്കാരം.

ഫെല്ലോഷിപ്പ്,

| | | | |
|---|---|---|---|
| 1. | പ്രൊഫ.ജി.കുമാരവർമ്മ | - | നാടകം |
| 2. | പ്രൊഫ.പി.ആർ.കുമാര കേരളവർമ്മ | - | കർണ്ണാടക സംഗീതം |
| 3. | നിർമ്മലാപണിക്കർ | - | മോഹിനിയാട്ടം |

അവാർഡ്

| | | | |
|---|---|---|---|
| 1. | കോട്ടയ്ക്കൽ ചന്ദ്രശേഖര വാര്യർ | - | കഥകളി - വേഷം |
| 2. | കോട്ടയ്ക്കൽ മധു | - | കഥകളി - സംഗീതം |
| 3. | കോട്ടയ്ക്കൽ രവി | - | മദ്ദളം |
| 4 | കലാമണ്ഡലം കൃഷ്ണദാസ് | - | ചെണ്ട |
| 5. | വി.വി.രവി | - | ഉപകരണസംഗീതം - വയലിൻ |
| 6. | ആർ.വൈദ്യനാഥൻ | - | ഉപകരണസംഗീതം - മൃദംഗം |
| 7. | അടൂർ.പി.സുദർശനൻ | - | കർണ്ണാടക സംഗീതം |
| 8. | ഞെരളത്ത് ഹരിഗോവിന്ദൻ | - | സോപാന സംഗീതം |
| 9 | കലാമണ്ഡലം ഹൈമാവതി | - | മോഹിനിയാട്ടം |
| 10. | സൂരജ് സത്യൻ | - | കഥാപ്രസംഗം |
| 11. | കുറ്റൂർ പ്രസന്നകുമാർ | - | പടയണി |
| 12 | മണ്ണൂർ ചന്ദ്രൻ | - | പൊറാട്ടു നാടകം |
| 13 | കീഴില്ലം ഉണ്ണികൃഷ്ണൻ | - | മുടിയേറ്റ് |
| 14 | കോഴിക്കോട് ശാരദ | - | നാടകം - നടി |
| 15. | എ.ശാന്തകുമാർ | - | നാടകം - രചന, സംവിധാനം |
| 16. | സി.കെ.ശശി | - | നാടകം - രചന |
| 17. | ചെങ്ങന്നൂർ ശ്രീകുമാർ | - | ലളിതസംഗീതം |

എൻഡോവ്മെന്റ്

1. അരുൺലാൽ - നാടകം
(സി.ഐ.പരമേശ്വരൻപിളള മെമ്മോറിയൽ എൻഡോവ്മെന്റ്)

2 പ്രസീദ ചാലക്കുടി - നാടൻകല
(ടി.പി.സുകുമാരൻ മെമ്മോറിയൽ എൻഡോവ്മെന്റ്)

ഗുരുപൂജ

| | | | |
|---|---|---|---|
| 1 | കെ.എസ്.നാരായണസ്വാമി | - | കർണ്ണാടക സംഗീതം |
| 2. | ലെസ്‌ലി പീറ്റർ | - | ഉപകരണ സംഗീതം |
| 3. | തുപ്പേട്ടൻ(എം.സുബ്രഹ്മണ്യൻ നമ്പൂതിരി | - | നാടകം |
| 4. | കലാനിലയം പീറ്റർ | - | നാടകം |
| 5. | ടെഡി ലോപ്പസ് | - | നാടകം |
| 6. | വട്ടപറമ്പിൽ പീതാംബരൻ | - | നാടകം |
| 7. | കെ.എൻ അമൃതം ഗോപിനാഥ് | - | നൃത്തം |
| 8. | പി.ജി.ജനാർദ്ദനൻ | - | നൃത്തം |
| 9. | എ.പി.ബാബു | - | മേക്കപ്പ് |
| 10. | പാറയിൽ മോഹനൻ | - | കഥാപ്രസംഗം |
| 11. | എസ്.വി.പീർ മുഹമ്മദ് | - | മാപ്പിളപാട്ട് |
| 12. | പി.കണ്ണൻ | - | പുലതെയ്യം, മാരിയാട്ടം |
| 13. | ലീന ആന്റണി | - | നാടകം |
| 14. | കെ.പി.ഏ.സി ലീല | - | നാടകം |
| 15. | എ.ആർ.രതീശൻ | - | നാടകം |
| 16. | നാടകയോഗം രഘു | - | നാടകം |

എൻ.രാധാകൃഷ്ണൻ നായർ
സെക്രട്ടറി

## പ്രൊഫ.ജി.കുമാരവർമ്മ

പ്രൊഫ.ജി.കുമാരവർമ്മ 1945ൽ മാവേലിക്കരയിൽ ജനിച്ചു. കോളേജ് പഠനത്തിന് ശേഷം ഡൽഹിയിലെ നാഷണൽ സ്കൂൾ ഓഫ് ഡ്രാമയിൽ ചേർന്നു, പ്രശസ്ത പുരസ്കാരങ്ങളായ ഭാരത് പുരസ്കാരം ഗിരീഷ്ഘോഷ് പുരസ്കാരം എന്നിവ നേടി. 1968 മുതൽ 1973വരെ നാടക കളരി പ്രസ്ഥാനവുമായി പ്രവർത്തിച്ച് നിരവധി നാടക ശില്പശാലകൾ സംഘടിപ്പിച്ചു. സി.എൻ ശ്രീകണ്ഠൻ നായർ, ജി.ശങ്കരപ്പിള്ള, കാവാലം നാരായണപണിക്കർ എന്നിവരുടെ നാടക രചനകൾ സംവിധാനം ചെയ്ത് രംഗത്ത് അവതരിപ്പിച്ചു. 1973ൽ പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ ഡിപ്പാർട്ട് ഓഫ് ഇന്ത്യൻ തിയറ്ററിൽ ഫാക്കൽറ്റിയായി അദ്ധ്യാപകനായി നിയമിതനായി. 1979ൽ ഇറ്റാലിയൻ സർക്കാരിന്റെ സ്കോളർഷിപ്പ് നേടിയിട്ടുണ്ട്. 1980ൽ പാരീസിൽ നടന്ന യുനസ്ക്കോ വേൾഡ് തിയറ്റർ കോൺഫറൻസിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്കൂൾ ഓഫ് ഡ്രാമയിൽ ഡയറക്ടറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ തൃശൂർ ഒളരിയിൽ താമസിക്കുന്നു.

# നിർമ്മലാപണിക്കർ

മോഹിനിയാട്ടം അദ്ധ്യാപിക, കൊറിയോഗ്രാഫർ എന്നീ നിലകളിൽ പ്രസിദ്ധയാണ്. കലാമണ്ഡലം കല്ല്യാണിക്കുട്ടിയമ്മയുടെ ശിഷ്യയാണ്. തൃപ്പൂണിത്തുറ ആർ.എൽ.വി.കോളേജിൽ നിന്നും സംഗീതം, നൃത്തം എന്നിവ അഭ്യസിച്ചു മോഹിനിയാട്ടത്തെക്കുറിച്ച് നിരവധി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. കൂടാതെ സ്ത്രീകളുടെ പാരമ്പര്യ നൃത്ത രൂപമായ നങ്ങ്യാർകൂത്ത് ആട്ടപ്രകാരവും മുദ്രകളും തുടങ്ങിയ കൃതികൾ പ്രസിദ്ധീകരിച്ചു.നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന മോഹിനിയാട്ടത്തിലെ ദേശീപാരമ്പര്യമായ പൊലി, ഈശൽ, ചന്ദനം, കുറത്തി, മൂക്കുത്തി എന്നിവ പുനരുജ്ജീവിപ്പിച്ചു. നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 2003 ൽ കേരള സംഗീത നാടക അക്കാദമി അവാർഡ്, 2002ൽ കൃഷ്ണൻകുട്ടി സ്മാരക അവാർഡ് എന്നിവ ലഭിച്ചു. ഇരിഞ്ഞാലക്കുടയിലെ നടന കൈശികിയുടെ സ്ഥാപകയും ഡയറക്ടറുമാണ്. ഇവിടെ കുട്ടികൾക്ക് മോഹിനിയാട്ടത്തിൽ പരിശീലനം നൽകുന്നു. മെക്സിക്കോ, ജപ്പാൻ എന്നിവിടങ്ങളിൽ മോഹിനിയാട്ട ശില്പശാലകൾ സംഘടിപ്പിച്ചിട്ടുണ്ട്.

## പ്രൊഫ.പി.ആർ.കുമാരകേരള വർമ്മ

കുട്ടിക്കാലം മുതൽക്കുതന്നെ സംഗീതസപര്യ ആരംഭിച്ചു. ഗാനഭൂഷണം, സംഗീത വിദ്വാൻ, ഗാനപ്രവീണ എന്നീ ബിരുദങ്ങൾ നേടിയിട്ടുണ്ട്. കേരളത്തിലെ മൂന്നു സംഗീത കോളേജുകളിലും അധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കേരളത്തിലുടനീളവും ഇന്ത്യ യിലെ പ്രധാന നഗരങ്ങളിലും നിരവധി സംഗീതകച്ചേരികൾ അവതരിപ്പിച്ചിട്ടുണ്ട്. ദൂരദർശ നിലും ആകാശവാണിയിലും പതിവായി കച്ചേരികൾ നടത്തിവരുന്നു. 1993 ൽ സംഗീത നാടക അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. പ്രസിദ്ധ സംഗീതജ്ഞനായ ശെമ്മാങ്കുടി ശ്രീനിവാസയ്യ രുടെ പ്രധാനശിഷ്യന്മാരിൽ ഒരാളാണ്. കാഞ്ചി കാമകോടി മഠത്തിന്റെ ആസ്ഥാന വിദ്വാൻ പദവി ലഭിച്ചിട്ടുണ്ട്. സ്വാതി തിരുനാൾ, മുത്തുസ്വാമി ദീക്ഷിതർ, ത്യാഗരാജൻ തുടങ്ങിയവ രുടെ കൃതികൾ ചിട്ടപ്പെടുത്തി ഗ്രന്ഥമായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള ത്തിലും ഇന്ത്യയിലുടനീളവും ശെമ്മാങ്കുടി ശ്രീനിവാസയ്യരുമായി ചേർന്ന് നിരന്തരം സംഗീത ക്കച്ചേരി അവതരിപ്പിച്ചവരിൽ പ്രമുഖനാണ് കുമാരകേരള വർമ്മ